"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ സിഡിഎൻ.1/77/2024/പൊഭവ

പൊതുഭരണ (ഏകോപനം) വകുപ്പ്, തിരുവനന്തപുരം,

തീയതി: 30-07-2024

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - സംസ്ഥാനത്തെ കനത്ത മഴയുടെ സാഹചര്യത്തിൽ അവശ്യ സർവ്വീസുകളിൽപ്പെട്ട സർക്കാർ ജീവനക്കാരെ സജ്ജരാക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനത്ത് മഴ കനക്കുകയും വയനാട് ജില്ലയിൽ ഉരുൾപൊട്ടൽ പോലെയുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സാഹചര്യത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ തീവ്രമഴമുന്നറിയിപ്പ് നൽകിയിട്ടുള്ള സാഹചര്യത്തിലും, കൂടുതൽ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുവാനുള്ള സാധ്യത മുൻനിർത്തി ഏതുതരത്തിലുള്ള ദുരന്തസാഹചര്യങ്ങളെയും നേരിടുന്നതിന് സംസ്ഥാനം തയ്യാറാകുന്നതിന്റെ ഭാഗമായി അവശ്യസർവ്വീസായി പ്രഖ്യാപിച്ചിരിക്കുന്ന പോലീസ്, ഫയർ & സേഫ്റ്റി, റവന്യൂ, ആരോഗ്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ വകുപ്പുകളിലെയും ജീവനക്കാരുടെ ദീർഘ കാല അവധി ഒഴികെയുള്ള അവധി റദ്ദാക്കി തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് ഏതു തരത്തിലുള്ള പ്രകൃതിക്ഷോഭ ദുരന്ത സാഹചര്യങ്ങളും നേരിടുന്നതിനായി സജ്ജരാക്കി നിർത്തുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുന്നു.

ഡോ. വേണു വി ഐഎഎസ്

ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും,

എല്ലാ ജില്ലാകളക്ടർമാർക്കും,

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും,

നിയമം, ധനകാര്യം ഉൾപ്പെടെയുള്ള സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും,

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്,

(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sabu T K

Date: 30-07-2024 16:40:07

സെക്ഷൻ ഓഫീസർ.

പകർപ്പ് :

ബഹു.മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്